**CENTRAL BOARD OF SECONDARY EDUCATION**

**SAMPLE QUESTION PAPER- 2019-20**

**STD : X** **MALAYALAM**

**മലയാളം (012)**

**Time allowed : 3 Hrs** **Maximum Marks : 80**

**(അനുവദിച്ച സമയം : 3 മണിക്കൂർ)** **(ആകെ മാർക്ക് :80)**

**The Question Paper is divided into four sections :**

| | | |
|---|---|---|
| **Section A :** | **Reading Comprehension** | **10 Marks** |
| **Section B :** | **Writing** | **14 Marks** |
| **Section C :** | **Grammar** | **20 marks** |
| **Section D :** | **Literature** | **36 Marks** |

---

## എ വിഭാഗം

**1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

മാപ്പിളപ്പാട്ടിൽ സംഗീതത്തിനാണ് മുൻതൂക്കം. ഒരു പാട്ട് മാപ്പിളപ്പാട്ടാണോ എന്നു തീരുമാനിക്കാനുള്ള ഉപാധികളിൽ പ്രധാനം അതു പാടി കേൾക്കുകയാണ്. മാപ്പിളപ്പാട്ടുകളിലെ ഈണത്തിന്റെ താളക്രമം 'ഇശൽ' എന്നറിയപ്പെടുന്നു.'തൊങ്കൽ', 'കൊമ്പ്', 'കപ്പപ്പാട്ട്', 'ഒപ്പനചായൽ' , 'ഒപ്പനമുറുക്കം' തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന നൂറുകണക്കിന് ഇശലുകളുണ്ട്. ഇശലുകളുടെ അടിസ്ഥാനം മിക്കപ്പോഴും ദ്രാവിഡഗാനരീതികളാണ്. ഉദാഹരണമായി 'തൊങ്കൽ' എന്ന ഇശൽ 'മാവേലി നാടുവാണീടും കാലം' എന്ന മട്ടിനും 'ആദിഅന്തം' എന്ന ഇശൽ 'ഓമനക്കുട്ടൻ ഗോവിന്ദൻ' എന്ന മട്ടിനും 'പുകയിനാർ' എന്ന ഇശൽ 'വഞ്ചിപ്പാട്ടിനും' സദൃശമാണ്. അറബി ഈണവും ദ്രാവിഡ താളവും മാപ്പിളപ്പാട്ടിന്റെ സംഗീതത്തിൽ സമന്വയിക്കപ്പെടുന്നു. ഇവിടെയും രണ്ടു സംസ്കാരധാരകളുടെ ചേരുവ കാണാം.

സംഗീതം വളരെ പ്രധാനമായതുകൊണ്ട് മാപ്പിളപ്പാട്ടിൽ പ്രാസനിബന്ധനകൾ കർശനമാണ്. കമ്പി ,കഴുത്ത്, വാൽക്കമ്പി, വാലുമ്മൽക്കമ്പി എന്നിവയാണ് മാപ്പിളപ്പാട്ടിലെ പ്രധാനപ്രാസവ്യവസ്ഥകൾ. ഒരു പാദത്തിലെ ഓരോ ഖണ്ഡത്തിന്റെയും ആദ്യാക്ഷരം സമാനമാകണം എന്ന നിബന്ധനയാണ് കമ്പി- പാദാർത്ഥാദിപ്രാസം തന്നെ. പാട്ടുപ്രസ്ഥാനത്തിലെ രാമചരിതത്തിലും മറ്റും കാണുന്ന 'മോന'യാണിത്. നാലുപാദത്തിലും രണ്ടാമത്തെ അക്ഷരം സമാനമായിരിക്കണം എന്ന നിബന്ധനയാണ് കഴുത്ത് - ദ്വിതീയാക്ഷരപ്രാസം തന്നെ. പാട്ടുപ്രസ്ഥാനത്തിലെ 'എതുക'യാണിത്. അന്ത്യാക്ഷരങ്ങൾക്കു വരുന്ന സമാനതയാണ് വാൽക്കമ്പി- അന്ത്യാക്ഷര

പ്രാസം തന്നെ. ഇത് പാട്ടുപ്രസ്ഥാനത്തിൽ കാണുന്നില്ല. പക്ഷെ, അറബിക്കവിതകളിൽ ഈ പ്രാസത്തിന് വളരെ പ്രാധാന്യമുണ്ട്. വാലുമ്മൽക്കമ്പി എന്നറിയപ്പെടുന്നത് ഓരോ നാലു പാദവും അവസാനിക്കുന്ന പദമോ പദങ്ങളോ അക്ഷരമോ കൊണ്ട് അടുത്ത പാദം ആരംഭിക്കുന്ന ചിട്ടയാണ്. പാടുന്നവരുടെ ഓർമ്മയ്ക്ക് വളരെ സഹായകമാകുന്ന ഈ ക്രമം തമിഴുകൃതികളിലും മലയാളത്തിലെ പാട്ടിലും ഭാഷാചമ്പുഗദ്യങ്ങളിലുമൊക്കെ കാണുന്ന അന്താദി തന്നെയാണ്. തമിഴ്-അറബി പാരമ്പര്യങ്ങളിലെ പ്രാസനിയമങ്ങളാണ് മാപ്പിളപ്പാട്ടുകാർ തുടർന്നുപോരുന്നത് . പ്രാസനിബന്ധനകളിലും കാണുന്നത് സാംസ്കാരികമിശ്രണം തന്നെ.

**ചോദ്യങ്ങൾ**

1. ഇശലുകൾ എന്നാലെന്ത്? അവയുടെ അടിസ്ഥാനമെന്ത്? (2)

2. മാപ്പിളപ്പാട്ടിലെ പ്രധാന പ്രാസവ്യവസ്ഥകളേതെല്ലാം? (2)

3. മാപ്പിളപ്പാട്ടിന്റെ സംഗീതത്തിൽ സമന്വയിക്കപ്പെട്ടിട്ടുള്ള സംസ്കാരധാരകളേതെല്ലാം? (2)

4. പ്രാസനിയമത്തിൽ മാപ്പിളപ്പാട്ടുകാർ പിൻതുടർന്നുപോരുന്ന പാരമ്പര്യമെന്ത് ? (2)

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. (2)

## ബി വിഭാഗം

**2. a.** ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക **(7)**

1. വിദ്യാഭ്യാസത്തിൽ മൂല്യബോധനത്തിന്റെ ആവശ്യകത
2. അവയവദാനത്തിന്റെ പ്രസക്തി
3. സൈബർകുറ്റകൃത്യങ്ങൾ തടയേണ്ടതിന്റെ അനിവാര്യത

**b.** ശബ്ദമലിനീകരണം ഉയർത്തുന്ന പ്രശ്നങ്ങൾ വിവരിച്ചുകൊണ്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക **(7)**

## സി വിഭാഗം

**3.a.പ്രയോഗം മാറ്റുക** **(1x2=2)**

1. ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ കൈയിൽ ഘടികാരമില്ലെങ്കിലും സമയം വെള്ളായിയപ്പനാൽ അറിയപ്പെട്ടു.

2. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർത്തുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു.

**b. അംഗ– അംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക** **(1x2=2)**

1. അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും തറവാടിന്റെ ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞു പതിച്ചു.

2. ഈ അറുകൊലയുടെ കഥ പിറ്റേന്ന് രാവിലെ പാണ്ഡവരുടെ അടുക്കലെത്തി.

**c. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(1x2=2)**

1. മുണ്ടകപ്പാടത്തിന്റെ വയൽവരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പനോർത്തു.

2. യാഥാർത്ഥ്യത്തിന്റെ കടിച്ചുകീറലുകളിൽ നിന്ന് രക്ഷപ്പെടാൻ ആശ്രയമായി ഒരഭയകേന്ദ്രം കണ്ടെത്തുന്നത് പ്രാർത്ഥനയിലാണ്.

**d. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(1x2=2)**

1. മധുരോദാരം

2. ആരൊരാൾ

**e. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക** **(1x2=2)**

1. വിശ്വവിജയികൾ

2. കരവിരുത്

**f. പര്യായപദങ്ങൾ വീതം എഴുതുക** **(1x2=2)**

1. യതി

2. കടിഞ്ഞാൺ

**g. നാനാർത്ഥപദങ്ങൾ എഴുതുക** **(1x2=2)**

1 .ധ്രുവം

2 ശീലം

**4. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക**

**a. വിപരീതപദം എഴുതുക** **(1x2=2)**

1. രഹിതം (വിഹിതം, സഹിതം, അരഹിതം, ഹിതം )

2.ചിരം ( സചിരം, അചിരം , അനുചിരം, സനുചിരം)

**b.അർത്ഥവ്യത്യാസം എഴുതുക** **(½x4=2)**

1. ലോഭം-ലോപം (സന്തോഷം, അത്യാഗ്രഹം, കുറവ്, നേട്ടം)

2. സായകം- സാധകം (ജോലി, അമ്പ്, പ്രയാസം, നിർവഹിക്കുന്ന)

**c. എതിർലിംഗം എഴുതുക** **(1x2=2)**

1. വിദഗ്ധ (അവിദഗ്ധൻ, സമർത്ഥൻ, വിദഗ്ധൻ, വിദ്വാൻ)

2. പ്രിയ (പ്രിയങ്കരൻ, പ്രിയൻ, പ്രിയതമൻ, പ്രിയതമ)

## ഡി വിഭാഗം

**5. a.**ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക **(½x4=2)**

1. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചു കൊണ്ട് മൗലികമായൊരു കാവ്യശൈലിക്കു രൂപം നൽകിയ കവി

(കുമാരനാശാൻ , വൈലോപ്പിള്ളി , എഴുത്തച്ഛൻ , വയലാർ)

2. 'എന്നിൽ നിന്നണുവുമേൽക്കിലപ്രിയം'- ആരുടെ വാക്കുകൾ

(നളിനി , ദിവാകരൻ , അമ്മ , കവി)

3. 'നല്ലതിഥി നമുക്കിനിയാരിതുപോലെ' , നല്ലതിഥി എന്നു വിശേഷിപ്പിച്ചിരിക്കുന്നതാരെ?

(ഉഷസ്സിനെ , ഓണത്തപ്പനെ , അമ്മയെ , അശ്വത്തെ )

4. മണ്ണിനെപ്പൊന്നണിയിച്ച സംസ്കാരശില്പികളായി കവി വിശേഷിപ്പിക്കുന്നതാരെ?

(പൂർവികരെ , ഈശ്വരനെ, രാജാക്കന്മാരെ, അശ്വത്തെ)

**b.**1.''ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്.'' ആരുടെ വാക്കുകൾ?

(അർജുനൻ , യുധിഷ്ഠിരൻ , ദ്രൗപദി , ഭീമൻ)

2. നോവൽ രചനയുടെ ലക്ഷ്യമായി ദസ്തേവ്സ്കി പറയുന്നതെന്ത്?

(നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുക, പണം സമ്പാദിക്കുക, കടബാധ്യത തീർക്കുക, മാനസികോല്ലാസം ലഭിക്കുക)

3. 'കാറ്റ് പറഞ്ഞ കഥ' ആരുടെ രചനയാണ്?

(എം.എൻ വിജയൻ, പെരുമ്പടവം, ഒ.വി.വിജയൻ , ഇ.സന്തോഷ്കുമാർ)

4. കൊച്ചു ചക്കരച്ചി എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു?

(നോവൽ, നാടകം, നിരൂപണം,  ഉപന്യാസം) **(½x4=2)**

**6. ഉത്തരമെഴുതുക** **(4x3=12)**

**a.** 1.ദേഹാഹങ്കാരം കൊണ്ട് ലോകം നശിപ്പിക്കാമെന്ന ലക്ഷ്മണന്റെ അജ്ഞതയ്ക്ക് ശ്രീരാമൻ നൽകുന്ന മറുപടിയെന്ത്?

2. മാതൃത്വത്തിന്റെ മഹത്വവും മാതൃഭാഷയുടെ പ്രാധാന്യവും 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

3.'' ഭാവശാലികൾ പിരിഞ്ഞുകൂടിയാ -

ലീവിധം വികലമാം സുഖോദയം'' - ആരുടെ അവസ്ഥയാണിത്? 'വികലമാം സുഖോദയം' എന്ന പ്രയോഗത്തിന്റെ ഔചിത്യം  എന്ത്?

**b.** 1. 'ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്' -മാരാരുടെ ഊ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക

2. ദുരന്തങ്ങൾക്കിടയിലും ദസ്തേവ്സ്കിയുടെ മനസ്സിലേക്കു കടന്നു വരുന്ന ഹൃദ്യമായ ഓർമ്മകളെന്തെല്ലാം?

3. വാക്കുകൾ കൊണ്ട് മനുഷ്യമനസ്സിൽ സൃഷ്ടിക്കുന്ന ദൃശ്യസമ്പന്നതയാണ് 'പണയം' എന്ന കഥയുടെ മുഖ്യ സവിശേഷത .വിശദമാക്കുക **(4x3 =12)**

**7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക .** **(4x2=8)**

1. 'മനുഷ്യനെ മനുഷ്യനാക്കുന്നവനായിരിക്കണം സന്യാസി' എന്നതായിരുന്നു ചട്ടമ്പി സ്വാമികളുടെ സമീപനം- വിശദമാക്കുക

2. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്കിനെപ്പറ്റി വിവരിക്കുക

3. പരിവ്രാജകനെന്ന  നിലയിലുള്ള  ചട്ടമ്പിസ്വാമികളുടെ സഞ്ചാരപഥത്തിലുണ്ടായ അനുഭവങ്ങൾ വിവരിക്കുക